(Pages : 2) 646594 [signature] **1610**

Sl. No. 509994

# S.S.L.C. EXAMINATION, MARCH - 2016.

## MALAYALAM

First Language - Paper II

Time : 1½ Hours — Total Score : 40

---

Score

1. ''ഇരയിമ്മന്റെ താരാട്ടും ഉണ്ണായിയുടെ പദങ്ങളും കൊണ്ട് എന്നെ സ്വപ്നങ്ങളിലേക്കുറക്കിക്കിടത്തിയവൾ'' — 2

   ഇവിടെ പരാമർശിക്കപ്പെടുന്ന കൃതികൾ ഏതെല്ലാം ?

2. ''വിളമ്പാൻ കാത്തുനിൽക്കുന്ന അന്തർജനങ്ങൾ ഗോസായിയെക്കണ്ട പെൺകിടാങ്ങളെപ്പോലെ അടുക്കളമുക്കിൽ ചെന്നൊളിച്ചിരിക്കുന്നു!'' — 2

   - ഈ പ്രസ്താവനയ്ക്ക് സന്ദർഭത്തിലുള്ള ഔചിത്യം എന്ത് ?

3. ഉമ്മുക്കുലുസുവിന്റെ മരണം തോരാമഴയായിത്തീരുന്നത് എങ്ങനെ ? — 2

4. ഉദരത്തിൽ <u>പശികെടുത്താൻ</u> പോയ് ഞങ്ങൾ; — 2

   ഹൃദയത്തിൻ <u>വിശപ്പടക്കുവാൻ</u> പോന്നു.''

   അടിവരയിട്ട പദങ്ങൾ നൽകുന്ന അർത്ഥ സൂചന ഒന്നോ രണ്ടോ വാക്യത്തിൽ വിശദമാക്കുക.

5. കൈരളി പാടവഹീനയല്ലെന്ന് വള്ളത്തോൾ സ്ഥാപിച്ചിരിക്കുന്നത് എങ്ങനെ ? — 4

6. കേരള പ്രകൃതിയുടെ എന്തെല്ലാം സവിശേഷതകളാണ് 'സൗന്ദര്യപൂജ'യിൽ പി. കുഞ്ഞിരാമൻ നായർ അവതരിപ്പിച്ചിരിക്കുന്നത് ? — 4

7. 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന ചെറുകഥയിലെ രമണിക്ക് റാണി എന്ന പെൺകുട്ടിയോടുള്ള മനോഭാവം എന്ത് ? — 4

8. ഗികുയു ഭാഷയിൽ പ്രചരിപ്പിക്കപ്പെട്ടിരുന്ന കഥകളുടെ സവിശേഷത എന്ത്? അവ ഉണ്ടാക്കിയ സ്വാധീനം എന്ത് ? — 4

P.T.O.

BIO-VISION VIDEO BLOG

Score

9. 'കൊച്ചു ദുഃഖങ്ങളുറങ്ങൂ' എന്ന കവിതയിൽ തെളിയുന്ന കാല്പനിക സങ്കല്പങ്ങൾ എന്തെല്ലാം ? 4

10. 'ആടുജീവിതം' 'ആസ്സാം പണിക്കാർ' എന്നീ രചനകൾ പ്രതിഫലിപ്പിക്കുന്ന പ്രവാസജീവിതം വിശകലനം ചെയ്ത് ലഘൂപന്യാസം തയ്യാറാക്കുക. 6

11. കേരളത്തിൽ നിലനിന്നിരുന്ന സാമൂഹിക ജീവിതത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് 'ബ്രഹ്മാലയം തുറക്കപ്പെട്ടു' എന്ന പാഠ ഭാഗത്ത് തെളിയുന്നത് ? സമകാലിക സമൂഹത്തിന് അതു നൽകുന്ന പാഠങ്ങൾ എന്തെല്ലാം ? 6

**അല്ലെങ്കിൽ**

മാതൃഭാഷയെക്കുറിച്ചുള്ള എന്തെല്ലാം സങ്കല്പങ്ങളാണ് 'മലയാളം' എന്ന കവിതയിൽ സച്ചിദാനന്ദൻ അവതരിപ്പിക്കുന്നത് ? അവയുടെ ഔചിത്യം വിശകലനം ചെയ്യുക.

-oOo-

BIO-VISION VIDEO BLOG